"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിലെ കലഞ്ഞൂർ വില്ലേജ് ഓഫീസ് പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിന് സ്പെഷ്യൽ റെന്റ് നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.241/2026/RD തീയതി,തിരുവനന്തപുരം, 28-01-2026

---

പരാമർശം:-

1. 07.08.2017 തീയതിയിലെ സ.ഉ.(പി)നം.102/2017/ധന നമ്പർ സർക്കാർ ഉത്തരവ്.
2. 10.01.2022 തീയതിയിലെ സ.ഉ.(എം.എസ്)നം.1/2022/ പൊമവ നമ്പർ സർക്കാർ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 12.12.2025 തീയതിയിലെ എൽ.ആർ/5194/2025-എൽആർ(ജി7) നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിലെ കലഞ്ഞൂർ പഞ്ചായത്ത് ഓഫീസിനോട് ചേർന്നു പ്രവർത്തിച്ചു വന്നിരുന്ന കലഞ്ഞൂർ വില്ലേജാഫീസ് കെട്ടിടത്തിന് 2021-ലെ പ്രളയത്തിൽ വെള്ളം കയറി ബലക്ഷയം സംഭവിച്ചതിനാൽ പ്രസ്തുത വില്ലേജാഫീസിന്റെ പ്രവർത്തനം 19.07.2023 തീയതി മുതൽ കലഞ്ഞൂർ വില്ലേജിൽ കലഞ്ഞൂർ മുറിയിൽ വയലിറക്കത്ത് പാലവിളയിൽ വീട്ടിൽ ശ്രീ.ജോർജ്ജ് മകൾ സൂസൻ ജോർജ്ജ് പേരിലുള്ളതും, ഇടത്ത ജംഗ്ഷനിൽ പുനലൂർ മൂവാറ്റുപുഴ റോഡിനു തൊട്ടു പടിഞ്ഞാറ് ഭാഗത്തായി സ്ഥിതി ചെയ്യുന്ന ബ്ലോക്ക് 28, റീസർവ്വേ 369/20-ൽപ്പെട്ട 19.51 ആർ പുരയിടത്തിലുള്ള KP XIV 067 നം കെട്ടിടത്തിൽ പ്രവർത്തിച്ചു വരികയുമാണ്. 2019-20 സാമ്പത്തിക വർഷത്തെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത വില്ലേജ് ഓഫീസിന് സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിന് ഭരണാനുമതി നല്കിയിട്ടുള്ളതും നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലുമാണ്.

2] പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച റെന്റ് സർട്ടിഫിക്കറ്റ് പ്രകാരം പ്രസ്തുത വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ അനുവദനീയമായ കാർപ്പെറ്റ് ഏരിയയായ 41.48 ച.മീ. ന് ആനുപാതികമായി 1,430/- രൂപയും കെട്ടിടത്തിന്റെ ഒക്കുപൈഡ് ഏരിയയായ 104.95 ച.മീ ന് ആനുപാതികമായി 3,014/- രൂപയുമാണ് വാടകയായി നിശ്ചയിച്ചിട്ടുള്ളത്. മേൽ കെട്ടിടത്തിന് അനുവദനീയമായ കാർപ്പെറ്റ് ഏരിയ 104.95 ച.മീറ്ററാണുള്ളതെന്നും, നിലവിൽ സ്റ്റാഫ് റൂം, വില്ലേജാഫീസറുടെ റൂം, റിക്കാർഡ് റൂം, അറ്റാച്ച്ഡ് ബാത്ത് റൂം എന്നീ സൗകര്യങ്ങളോടു കൂടിയ കെട്ടിടത്തിൽ ടി സ്ഥലങ്ങൾ പൂർണ്ണമായും ഓഫീസ് പ്രവർത്തനത്തിന് ഉപയോഗിച്ചു വരുന്നുവെന്നും ടി സാഹചര്യത്തിൽ സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള വാടക ടി കെട്ടിടത്തിന് ഉചിതമല്ലാത്തതായി

കാണുന്നുവെന്നും ആയതിനാൽ ഒക്യൂപൈഡ് ഏരിയയായ 104.95 ച.മീറ്ററിന് 3014.03 രൂപ വാടക നിർണ്ണയിച്ച് നൽകണമെന്ന് റെന്റ് സർട്ടിഫിക്കറ്റും മറ്റ് അനുബന്ധ രേഖകളും സഹിതം, ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിലെ കലഞ്ഞൂർ വില്ലേജ് ഓഫീസ് 19/07/2023 മുതൽ പ്രവർത്തിച്ചു വന്നിരുന്ന കെട്ടിടത്തിന്, പരാമർശം 2-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയയായ 104.95 ച ച.മീ ന് ആനുപാതികമായി 3,014/-രൂപ (മൂവായിരത്തി പതിനാല് രൂപ മാത്രം) സ്പെഷ്യൽ റെന്റ് നിർണ്ണയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, പത്തനംതിട്ട
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba V R
Date: 29-01-2026 11:10:13
സെക്ഷൻ ഓഫീസർ